# കേരള സർക്കാർ

നം.46862/ഡിഎ1/2010/തസ്വഭവ

തദ്ദേശസ്വയംഭരണ(ഡി.എ)വകുപ്പ്,
തിരുവനന്തപുരം,തീയതി :20.07.2010.

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണവകുപ്പ് - ഗുണഭോക്തൃസമിതികൾ മുഖേന നിർവ്വഹണം നടത്താവുന്ന മരാമത്ത് പ്രവൃത്തികൾ - അടങ്കൽ തുക - പരിധി - സ്പഷ്ടീകരണം

സൂചന :-(1) 16.01.08 - ലെ സ.ഉ(എം.എസ്) നമ്പർ:17/08/തസ്വഭവ

(2) 09.03.10 - ലെ 5059/എബി2/10/തസ്വഭവ-ാം നമ്പർ സർക്കുലർ

(3) 28.06.10 - ലെ വികേന്ദ്രീകൃതാസൂത്രണസംസ്ഥാനതലകോ-ഓർഡിനേഷൻ സമിതി തീരുമാനം നമ്പർ:1.4

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഗുണഭോക്തൃസമിതികൾ മുഖേന നിർവ്വഹണം നടത്താവുന്ന മരാമത്ത് പ്രവൃത്തികളുടെ അടങ്കൽതുക സൂചന (1) പ്രകാരം 5.00ലക്ഷം രൂപയായി നിശ്ചയിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വേണ്ടി പുറപ്പെടുവിച്ചിട്ടുള്ള മരാമത്ത് ചട്ടങ്ങളിൽ, (ചട്ടം-12) പ്രവൃത്തികൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നേരിട്ട് നടപ്പാക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വൻതുകയുടെ എസ്റ്റിമേറ്റുള്ള പ്രവൃത്തികളും, ഇതുപ്രകാരം ടെണ്ടർ ചെയ്യാതെ ഡിപ്പാർട്ടുമെന്റ് വർക്കായി ചെയ്തുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന്, അതിന് 2.00 ലക്ഷം രൂപ പരിധി നിശ്ചയിച്ചുകൊണ്ട് സൂചന(2) പ്രകാരം നിർദ്ദേശം പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ മേൽനിർദ്ദേശം ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കാവുന്ന പ്രവൃത്തികളുടെ അടങ്കൽ തുകയിൽ കുറവ് വരുത്തിയതായി ഫീൽഡ് തലത്തിൽ വ്യാഖ്യാനമുണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ ഇതു സംബന്ധിച്ച് സ്പഷ്ടീകരണം ആവശ്യമാണെന്ന കാര്യം ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ പ്രസ്തുത വിഷയം സംബന്ധിച്ച് സൂചന(3) ലെ തീരുമാനപ്രകാരം താഴെപ്പറയുന്ന സ്പഷ്ടീകരണം നൽകുന്നു.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾനേരിട്ട് ടെണ്ടർ കൂടാതെ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികൾക്കാണ് 2.00 ലക്ഷം രൂപയെന്ന പരിധി നിശ്ചയിച്ചിട്ടുള്ളത്. ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കാവുന്ന പ്രവൃത്തികളുടെ അടങ്കൽ തുകയുടെ പരിധി 5.00 ലക്ഷം രൂപതന്നെയാണെന്നും ആയതിന് കുറവ് വരുത്തിയിട്ടില്ലാത്തതുമാണ്.

വിശ്വസ്തതയോടെ,
ബി.സരസ്വതി അമ്മ,
അഡീഷണൽ സെക്രട്ടറി
പ്രിൻസിപ്പൽസെക്രട്ടറിക്കുവേണ്ടി.

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസനകമ്മീഷണർ, തിരുവനന്തപുരം
✓എക്സിക്യൂട്ടിവ് മിഷൻ ഡയറക്ടർ,ഐ.കെ.എം
ചീഫ് എഞ്ചിനീയർ,തദ്ദേശസ്വയംഭരണവകുപ്പ്
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ
സ്റ്റേറ്റ് ലെവൽ റിസോഴ്സ് ഗ്രൂപ്പ് (ബന്ധപ്പെട്ട എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും അറിയിക്കേണ്ടതാണ്.)
ബഹു:തദ്ദേശസ്വയംഭരണവകുപ്പുമന്ത്രിയുടെ പി.എസ്സിന്
തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽസെക്രട്ടറിയുടെ പി:എ.ക്ക്
തദ്ദേശസ്വയംഭരണവകുപ്പ് സെക്രട്ടറിയുടെ പി.എ.ക്ക്
തദ്ദേശസ്വയംഭരണ ഡിബി/ഡിസി/ഡിഡി/വകുപ്പുകൾക്ക്
കരുതൽ ഫയൽ/ഓഫീസ് കോപ്പി